പതിനാറാം കേരളനിയമസഭ

രണ്ടാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 1687** **16-10-2026-ൽ മറുപടിയ്ക്ക്**

**നിർത്തലാക്കിയ സർവിസുകൾ പുനരാരംഭിക്കാൻ നടപടി**

**ചോദ്യം ഉന്നയിച്ച അംഗങ്ങൾ** **മറുപടി നൽകിയ മന്ത്രി**

ശ്രീ. റെജി ചെറിയാൻ ശ്രീ. സി. പി. ജോൺ

(ഗതാഗത വകുപ്പ് മന്ത്രി)

**(എ)** എടത്വാ കെ.എസ്.ആർ.ടി.സി. ഡിപ്പോയിൽ നിന്നും ആരംഭിക്കുന്ന എത്ര ബസ് ഷെഡ്യൂളുകൾ നിലവിൽ സർവ്വീസ് നടത്തുന്നുണ്ടെന്ന് അറിയിക്കാമോ;

**മറുപടി:** എടത്വാ കെ.എസ്.ആർ.ടി.സി. ഡിപ്പോയിൽ നിന്നും ആരംഭിക്കുന്ന ആകെ 24 സർവീസുകളാണ് നടത്തി വരുന്നത്.

**(ബി)** കുട്ടനാട് നിയോജകമണ്ഡലത്തിലെ പലയിടത്തും കെ.എസ്.ആർ.ടി.സി. ബസുകൾ നിർത്തലാക്കിയത് മൂലം യാത്രാക്ലേശം വർദ്ധിച്ചിരിക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ആയത് പരിഹരിക്കാൻ നടപടി സ്വീകരിക്കുമോ;

**മറുപടി:** ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

കുട്ടനാട് നിയോജകമണ്ഡലത്തിലൂടെ കടന്നുപോകുന്ന സർവീസുകൾ പ്രധാനമായും സമീപ ഡിപ്പോകളായ എടത്വ, ചേർത്തല, ആലപ്പുഴ, ഹരിപ്പാട്, കായംകുളം, മാവേലിക്കര, ചെങ്ങന്നൂർ എന്നിവിടങ്ങളിൽ നിന്നാണ് നടത്തി വരുന്നത്. ടി ഡിപ്പോകളിൽ നിന്ന് നടത്തി വന്നിരുന്ന കെ.എസ്.ആർ.ടി.സി ബസുകൾ സ്ഥിരമായി റദ്ദ് ചെയ്തിട്ടില്ല. കൂടുതൽ യാത്രാവശ്യം വരുന്ന മുറയ്ക്ക് അധിക സർവീസുകൾ / ട്രിപ്പുകൾ പുനക്രമീകരിക്കുന്ന കാര്യം പരിശോധിക്കുന്നതാണ്

**(സി)** പടഹാരം പാലം നിർമ്മാണ സമയത്ത് നിർത്തിവച്ചിരുന്ന ബസ് സർവ്വീസ്, പ്രസ്തുത നിർമ്മാണം പൂർത്തിയായതിനെ തുടർന്ന് പുനരാരംഭിക്കുന്ന നടപടി ഏത് ഘട്ടത്തിലാണെന്ന് വ്യക്തമാക്കാമോ?

**മറുപടി:** പടഹാരം പാലം നിർമ്മാണ സമയത്ത് നിർത്തിവച്ചിരുന്ന ആലപ്പുഴ ഡിപ്പോയിൽ നിന്നുള്ള ബസ് സർവ്വീസ് പുനരാരംഭിച്ചിട്ടുണ്ട്.

**സെക്ഷൻ ഓഫീസർ**